# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**

**ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in**


---

**നമ്പർ: DHS/11299/2026-ED3** തീയതി: 14-10-2026

## <u>വിജ്ഞാപനം</u>

വിഷയം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - സേവനകാര്യം - സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച് -

സൂചന:- 03/10/2026-ലെ സർക്കാർ കത്ത് നം. ഇ2/197/2026 ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്.

തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ആരോഗ്യ ഗതാഗത വിഭാഗത്തിൽ സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നോ, മോട്ടോർ വെഹിക്കിൾസ് വകുപ്പിൽ നിന്നോ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യമുള്ള സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാൻ താൽപ്പര്യമുള്ള യോഗ്യരായ ജീവനക്കാർ തങ്ങളുടെ അപേക്ഷകൾ വിശദമായ ബയോഡാറ്റയും, സേവന വിവരങ്ങളും, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം, ബന്ധപ്പെട്ട മേലധികാരി മുഖേന ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനകം ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഡെപ്യൂട്ടേഷൻ നിയമനവുമായി ബന്ധപ്പെട്ട യോഗ്യതകൾ, നിയമന കാലാവധി, ശമ്പളം, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

Digitally signed by
Meenakshy V
Date: 14-10-2026
12:34:57

**ഡോ. മീനാക്ഷി. വി**

**ആരോഗ്യ വകുപ്പ് ഡയറക്ടർ**